# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. L - JK 9** **2017 August 5** **No. 9**


## PASTORAL LETTER
## വല്ലാർപാടം തീർത്ഥാടനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2017 സെപ്തംബർ 10-ാം തീയതി ഞായറാഴ്ച ഈ വർഷത്തെ വല്ലാർപാടം മരിയൻ തീർത്ഥാടനം നാം നടത്തുകയാണ്. അതിരൂപതാ കുടുംബം ഒന്നായി പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുസന്നിധിയിലേക്ക് ജപമാലചൊല്ലി നടന്നു നീങ്ങുന്നത് എത്രയോ അനുഗ്രഹദായകമാണ്. ഓരോ തീർത്ഥാടനവും ആനന്ദത്തിലേക്കൊരു യാത്രയാണ്. ആകുലതകളുടെ കൂടാരങ്ങളിൽ നിന്നും അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും വാഗ്ദത്തഭൂമിയിലേക്കുള്ള ഒരു യാത്ര. വല്ലാർപാടം മരിയൻ തീർത്ഥാടനവും ഈ ആനന്ദത്തിലേക്കുള്ള ഒരു തീർത്ഥയാത്രയാണ്. പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനടയിലേക്കുള്ള നമ്മുടെ യാത്രയിൽ നമ്മുടെ തുണയും വഴികാട്ടിയും പരിശുദ്ധ അമ്മ തന്നെയായിരിക്കട്ടെ. പ്രശ്നസങ്കീർണമായ നമ്മുടെ ജീവിതത്തിൽ നാം തളരുമ്പോഴും നിരാശപ്പെടുമ്പോഴും നമ്മെ ആശ്വസിപ്പിക്കുവാനും നമ്മെ ശക്തിപ്പെടുത്തുവാനും പരിശുദ്ധ അമ്മ കൂടെയുണ്ട് എന്ന ബോധ്യം നമുക്ക് പ്രത്യാശ പകരട്ടെ. കായലിൽ താണുപോയ അമ്മയെയും

കുഞ്ഞിനെയും കാത്തു സംരക്ഷിച്ച അത്ഭുതസാന്നിധ്യമായ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ അത്ഭുതചിത്രം പ്രതിഷ്ഠിച്ചിട്ടുള്ള വല്ലാർപാടം ബസിലിക്കയിലേക്കുള്ള നമ്മുടെ തീർത്ഥാടനം ആ അമ്മയുടെ കരങ്ങളിൽ നമ്മളും സുരക്ഷിതരാണ് എന്ന ആശ്വാസം നമുക്ക് നൽകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

## വല്ലാർപാടം തീർത്ഥാടനകാര്യക്രമം

2017 സെപ്തംബർ 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസ്സി കത്തീഡ്രലിൽ നിന്നും, 3.30ന് വൈപ്പിനിൽ ഗോശ്രി പാലങ്ങൾ തുടങ്ങുന്ന വല്ലാർപാടം ജംഗ്ഷനിൽ നിന്നും വല്ലാർപാടം തീർത്ഥാടനം ആരംഭിക്കുന്നു. തുടർന്ന് 4.30ന് നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും, സന്യസ്തരും അല്മായരും ഒരുമിച്ചുചേർന്ന് ഒരു കുടുംബമായി വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ ദിവ്യബലിയർപ്പിക്കുന്നു. ദിവ്യബലിയെതുടർന്ന് എല്ലാവരെയും പരിശുദ്ധ വല്ലാർപാടത്തമ്മക്ക് അടിമസമർപ്പണം ചെയ്ത് ഞാൻ പ്രത്യേകം പ്രാർഥിക്കുന്നതാണ്. എല്ലാവർക്കും തീർത്ഥാടനത്തിൽ പങ്കെടുക്കാൻ സൗകര്യം ലഭിക്കുംവിധം, അന്ന് ഉച്ചക്കുശേഷം നമ്മുടെ ദൈവാലയങ്ങളിൽ തിരുക്കർമ്മങ്ങളും ബി.സി.സി.യോഗങ്ങളും വാർഷികങ്ങളും മറ്റു പരിപാടികളും മാറ്റിവയ്ക്കുന്നത് അഭിലഷണീയമായിരിക്കും. എല്ലാ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിശ്വാസികൾ വല്ലാർപാടം തീർത്ഥാടനത്തിൽ പങ്കുചേർന്ന് പ്രാർഥിക്കണമെന്ന് സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു.

## വല്ലാർപാടം മരിയൻ കൺവെൻഷൻ

2017 സെപ്തംബർ 11 മുതൽ 15 വരെ വല്ലാർപാടം ബസിലിക്ക അങ്കണത്തിൽവച്ച് നടത്തുന്ന മരിയൻ കൺവെൻഷനിലേക്കും നിങ്ങളെ ഏവരെയും ഞാൻ സ്വാഗതം ചെയ്യുന്നു. പരിശുദ്ധ അമ്മയോടൊത്ത് ധ്യാനിക്കാനും വചനം ശ്രവിക്കാനും അതുവഴി ഒരു നവീകരണം നമ്മുടെ ജീവിതത്തിൽ സാധ്യമാക്കാനും ഈ മരിയൻ കൺവെൻഷൻ നമ്മെ സഹായിക്കട്ടെ. എല്ലാ ദിവസവും വൈകിട്ട് 4.30 മുതൽ 8.30 വരെയായിരിക്കും കൺവെൻഷൻ നടത്തപ്പെടുന്നത്. ശുശ്രൂഷകൾക്ക് ഓരോ ദിവസവും നേതൃത്വം നൽകുന്നത്

ബഹു. ഫാ. ജോസഫ് പുത്തപുരയ്ക്കൽ OFM Cap., ഫാ. ഷാജി തുമ്പേച്ചിറയിൽ, ഫാ. ജോസ് ഉപ്പാണി, ഫാ. നെൽസൻ ജോബ് OCD, ഫാ. പ്രശാന്ത് IMS എന്നീ ധ്യാനപ്രഘോഷകരാണ്. അതിരൂപതാ പ്രൊക്ലമേഷൻ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ മരിയൻ കൺവെൻഷനിൽ പങ്കുചേർന്ന് നമ്മെയും നമ്മുടെ കുടുംബങ്ങളെയും നവീകരിക്കണമേയെന്ന് പരി. അമ്മയുടെ മാധ്യസ്ഥം വഴി നമുക്ക് പ്രാർഥിക്കാം.

പരിശുദ്ധ വല്ലാർപാടത്തമ്മയെക്കുറിച്ച് നാം ചിന്തിക്കുന്ന ഈ സന്ദർഭത്തിൽ മറ്റൊരു സുപ്രധാനകാര്യം കൂടി നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ നേരത്തെ നിങ്ങളെ അറിയിച്ചിരുന്നതുപോലെ കഴിഞ്ഞ ജൂൺ മാസം 29-ാം തീയതി വിശുദ്ധ പത്രോസിന്റെയും വി. പൗലോസിന്റെയും തിരുനാൾ ദിനത്തിൽ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയങ്കണത്തിൽ വച്ച് ഞാൻ 'പാലിയം' സ്വീകരിക്കുകയുണ്ടായല്ലോ. പരിശുദ്ധ പിതാവിന്റെ നിർദ്ദേശമനുസരിച്ച് പാപ്പയുടെ ഭാരതത്തിലെ പ്രതിനിധിയായ അപ്പോസ്തലിക്ക് നുൻഷ്യോ അഭിവന്ദ്യ ആർച്ച് ബിഷപ്പ് ജീയാംബാറ്റിസ്റ്റ ദി ക്വാത്രോ, വരുന്ന ഒക്ടോബർ മാസം 6-ാം തീയതി വല്ലാർപാടത്തു വച്ച് നടക്കുന്ന മിഷൻ കോൺഗ്രസിന്റെ പ്രാരംഭ ദിവ്യബലി മധ്യേ എന്നെ 'പാലിയം' അണിയിക്കുന്നതാണ്. തദവസരത്തിൽ നിങ്ങളുടെ പ്രത്യേക പ്രാർഥനയും സാന്നിധ്യവും ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു

പരി. അമ്മയെക്കുറിച്ച് ധ്യാനിക്കുമ്പോൾ ജപമാല നമുക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ വളരെ പ്രാധാന്യത്തോടുകൂടി നമ്മൾ ഇടവകകളിൽ ജപമാല അർപ്പണം നടത്താറുണ്ട്. നമ്മുടെ കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും നമ്മെ ഐക്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന പ്രാർഥനയാണ് ജപമാല. അത് ഒരേ സമയം പ്രാർഥനയും ധ്യാനവും വിചിന്തനവുമാണ്. ഈ വർഷവും തികഞ്ഞ ഭക്തിയോടെ എല്ലാവരെയും സ്പർശിക്കുന്ന രീതിയിൽ ജപമാല പ്രാർഥനകൾ ചൊല്ലി നമുക്ക് ജപമാലമാസം ആചരിക്കാം. പരി. കന്യകാമറിയം നമ്മുടെ തീർത്ഥാടനത്തിലും ജീവിതത്തിലും എന്നും നമ്മുടെ സന്തതസഹചാരിയായിരിക്കട്ടെ.

ആഗതമാകുന്ന പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിന്റെ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട് എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2017 ആഗസ്റ്റ് 5-ാം തീയതി.

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: ഈ ഇടയലേഖനം 2017 ആഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

## സർക്കുലർ - 25

# 2017 ആഗസ്റ്റ് 13 ഞായർ തടവറ പ്രേഷിത ദിനം

### കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്കു സമാശ്വാസവും നൽകാനും എന്നെ അയച്ചിരിക്കുന്നു' (ഏശ 61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് താദാത്മ്യപ്പെടുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. അവിടന്ന് കാരാഗ്രഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. 'കുറ്റവാളി'യായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. അവൻ തടവുകാരുടെ അടുക്കലേക്ക് ചെന്നു അനേകം ആത്മാക്കളെ മോചിപ്പിച്ചുവെന്ന് പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു. തടവറ ശുശ്രൂഷ യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്.

2017 ആഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വമകുടം ചൂടിയ വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരി

പ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യപിതാക്കന്മാരുടെ അതിഥിയായി താമസി ച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായ വരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' കുറ്റകൃത്യങ്ങളുടെ നാടായി മാറികൊണ്ടിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തി ലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്ത മാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.8 ഉം, 2017-ൽ 723.3 ഉം ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ അഞ്ച് മടങ്ങ് കൂടുതലാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 348.3 മാത്രമാണെന്ന് ഓർക്കണം. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഓരോ വർഷവും രേഖപ്പെടുത്തുന്നത്. ഒരുപക്ഷേ മറ്റു സംസ്ഥാനങ്ങ ളിൽ കുറ്റകൃത്യങ്ങൾ എത്രമാത്രം രജിസ്റ്റർ ചെയ്യുന്നുവെന്നത് ഒരു കാരണം ആയേക്കാം. എങ്കിലും നമ്മുടെ സ്ഥിതി ഏറെ പരിതാപ കരം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്ക ണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യ പ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാലപ്ര വർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ

മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). പാപം പോലും മനുഷ്യന്റെ ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥ യില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവി ടന്നു നീതിമാന്മാരുടെ മേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെ ടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താ ലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെ ടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേ ക്കാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാ ത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളി ലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറ യിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബ ങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റി യുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായി ക്കുകയും, ക്രൂരകൃത്യങ്ങൾക്ക് ഇരയായവർക്കു വേണ്ടുന്ന സഹായ ങ്ങൾ ചെയ്തുകൊണ്ട് ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി പ്രവർത്തി ക്കുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരി

ക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണു ള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശു സാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലു മാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ചയച്ചി ട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാ വർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകു കയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ എട്ട് സോണുകളിലെ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗി യായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിത ദിനത്തിൽ ഇടവ കയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോ കുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പിഒസിയിൽ പ്രവർത്തി ക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

---

N.B. ഈ സർക്കുലർ 2017 ആഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ – 26

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2017

## ആഗസ്റ്റ് 20, ഞായർ

**കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്ക് ശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ് സൺഡേ ആയി ആചരിച്ചു വരുകയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കു വയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത്സമൂഹം പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഒരു സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടുകോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതിനിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ട് അധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പാക്കിയിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരതക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്ന് മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.

ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ

ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരതസഭയുടെ മുഴുവൻ പിന്തുണയും സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണസംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹ്യമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കണം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസ സഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെസിബിസി എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ സമൂഹം, വിൻസന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017 – 2018 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യ പിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ സഹായിച്ച് ഔദാര്യപൂർവ്വം നമ്മുടെ ദലിത് സഹോദരങ്ങളോട് നമുക്കുള്ള സ്നേഹവും സഹകരണവും

പ്രതിബന്ധതയും ഉറപ്പാക്കാം. നീതിഞ്ഞായർ ആചരണംവഴി നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പ്രബോധനങ്ങളായ നിന്നെ പ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നീ വചനങ്ങൾ നമുക്ക് പ്രചോദനം ആകട്ടെ. ദലിത് ശാക്തികരണ സംരംഭങ്ങളുടെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

---

N.B. ഈ സർക്കുലർ 2017 ആഗസ്റ്റ് 20-ാം തീയതി ഞായ റാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## NOTIFICATION - 9

# GST (GOODS AND SERVICE TAX)

As per GST rules, if agregate turnover exceeds Rs. 20 Lakhs in a year - then Registration under GST is to be taken. Turn over means receipts from religious services, rent, sales etc.

Aggregate Turnover means Total of Taxable & Non Taxable Turnover.

Earlier, rent from Parish Hall inside church compound was exempted under Service Tax & Luxuary Tax. Now there is no service tax or luxuary tax. Only GST rules are applicable.

If there is exempted turnover only, then registration is not required. But if there is taxable turnover also and aggregate exceeds Rs. 20 Lakhs, then registration is to be taken.

**Exemptions from GST:**

Religious Services

Parish hall rent inside church premises, if rate of rent is below Rs. 10,000.

Renting of rooms inside church premises, if the rate of rent is below Rs. 1,000 per day.

Renting of shops or other spaces for business or commerce, if the charges are less than Rs. 10,000 per month.

Sale of printed books.

Rate of GST is 18% on rent. For sales, the rate depends on product. GST can be collected from parties and to be remitted to Govt every month. GST paid on purchase can be deducted from GST payable.

If GST registration is taken, any contract for work given shall be to a Registered Person only.

All payments for Printing charges, rent, advertisement charges, professional charges etc only to a GST registered person only. All purchases has to be from registered dealer only. Small payments totaling to Rs. 5,000 per day can be to an unregistered persons.

Payment of Salary, wages etc are outside the perview of GST.

*For more details please contact :*

**K.T.Antony**
Chartered Accountant,
Morning Star Building, Kacheripady, Ernakulam
Ph. (O) 2393453 (R) 2430392
K.T.Antony (M) 9895025337
Tarun Thomas ( M) 8089135219

05.08.2017 **Chancellor**
Verapoly

**NOTIFICATION - 10**

## ORDO

Dear Rev. Fathers,

In view of updating our personal details in ORDO 2018, if there is any correction, change, addition, etc. in your personal details ( Mobile Number, Email Id, Academic achievements, etc.), please inform the Archdiocesan Curia in writing before 15th September 2017.

05.08.2017 **Chancellor**

Verapoly

# CASUS
## AUGUST 2017

Vicar forane, also called the Dean or Archpriest; is a priest in charge of vicariate forane, which is a grouping of parishes in a diocese in territorial proximity (can. 553). In the Eastern churches *sui juris*, this office is called a protopresbyter (CCEO, can. 276). The understanding of the Vicar forane in the 1983 CIC (cc. 553-555) is substantially different and significant. Any priest, irrespective of any office he holds or of residence, can be nominated as Vicar forane. The diocesan bishop freely confers the office of the Vicar forane on the suitable priest. The Vicar forane must be provided with all the necessary infra structural facilities to coordinate the common pastoral activities of the parishes. In particular, there must be a vicariate center with adequate staff and other resources.

The role of the Vicar forane is conceived as rendering assistance on behalf of the bishop to the parish priests and other clerics engaged in the pastoral care in a particular area, rather than being an intermediate authority or instance between them and the bishop or the diocesan curia. The authority exercised by the Vicar forane is ordinary, since it belongs to the office by law, and vicarious since it is exercised in the name of the diocesan bishop. Vicars forane are not necessarily Episcopal vicars, although a diocesan bishop could name them as such and delegate his powers according to law.

Although the qualifications, the terms of office and removal of the Vicar forane is defined clearly (Can. 554), the most important criterion mentioned is that the Vicar forane should be a priest.

In Canon 555, the CIC defines four general areas of rights and duties of the Vicar forane as Promotion and coordination of

common pastoral activity, Supervision of Clergy, Supervision of Liturgical and temporal Administration, Visitation of the parishes in the Vicariate etc., and leaves the rest to particular laws or directives of the diocesan bishop.

Questions

1. **Who is a Vicar forane and what are his qualifications?**

   See Canon 554, §1

   The 2004 Directory for Bishop's has added the following requirements:

- He must be resident in the vicariate, preferably one entrusted with the care of souls;
- Must have earned the esteem of both priests and faithful for his prudence and doctrine, his piety and apostolic seal;
- Must merit the bishop's confidence, so that when necessary the bishop can delegate faculties to him;
- Must possess sufficient gifts of leadership and team work (*AS*, n. 218,=*Apostolorum Successores*: Directory for the Pastoral Ministry of Bishops, Congregation for Bishops, February 22, 2004).

2. **Do you know about the term of office and removal of Vicar foranes?**

   (See Canon 554, §§ 2-3)

3. **What do you mean by ordinary power and vicarious power?**

4. **Elucidate the faculties, duties, and rights of the Vicar foranes?**

   (See Canon 555)

The Vicar forane is to be concerned about the welfare of the clergy in his vicariate. By his role of leadership and **own example**, he has to supervise the lifestyle and ministry of the clerics. In particular, the following are important:

1. To see that the clerics of his vicariate lead a life in keeping with their state and perform their duties diligently;
2. To promote their continuing education by encouraging them to attend lectures, theological meetings or conferences as envisaged in can. 279;
3. To assist the presbyters in their spiritual needs by encouraging days of recollection, attendance at retreats and other means;
4. To be concerned for those clerics who find themselves in more difficult circumstances or are beset with problems;
5. To be especially solicitous towards those pastors who are seriously ill or need social assistance by visiting them and taking care of them;
6. To see that the funeral rites of deceased clerics are celebrated worthily.

On behalf of the bishop the Vicar forane has a duty of vigilance in his vicariate in the following:

1. Liturgical functions, care of churches, celebration of the sacramentals, custody of the blessed sacraments, maintenance of ecclesiastical records especially of the sacraments;
2. On the occasion of illness or death of pastors, to guarantee that the registers, documents, sacred furnishings, and other things which belong to the parish are not lost or removed;
3. To check whether the parish registers are correctly entered and duly safeguarded;

4. To check whether acts and documents of the archives of the parochial and other churches in his vicariate are diligently preserved and inventories properly updated (Canons 491, §1; 535, §4);

5. To ensure that ecclesiastical properties are carefully administered and that the presbytery and the attached offices are maintained with proper care.

**5. What are the faculties, rights and duties of the Vicar foranes at present in our Archdiocese?**

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21